# 2018 ആഗസ്റ്റ് 12 ഞായർ തടവറ പ്രേഷിതദിനം

*Prot. No. 02/2018/P.L.*

വന്ദ്യ വൈദികരേ, സന്ന്യസ്തരേ, വത്സല മക്കളേ,

2018 ആഗസ്റ്റ് മാസം 12 -ാം തീയതി ഞായറാഴ്ച, ഇന്ന് കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14- ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളവും സന്ദർശിച്ചിട്ടുണ്ട്. ബന്ധനങ്ങളിൽ കഴിയുന്നവരോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

ഇന്നത്തെ വചനഭാഗങ്ങളും ഇതുതന്നെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒന്നാം വായനയിൽ തളർന്ന ഏലിയായെ ശക്തിപ്പെടുത്തുവാൻ ദൈവദൂതൻ വരുന്നതുപോലെ നമ്മളും തളർന്നവരെയും പാർശ്വവല്കരിക്കപ്പെട്ടവരേയും ശക്തിപ്പെടുത്തേണ്ടതാണ്. ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കാനും കരുണ കാണിക്കാനും ക്ഷമിക്കാനും തയ്യാറാകണമെന്ന് വി. പൗലോസ് അപ്പോസ്തലൻ നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്കു തടവുകാരെ സ്നേഹത്തിലൂടെ പുത്തൻ പ്രകാശത്തിലെത്തിക്കാനാകണം കാരണം, ഈ പ്രകാശത്തെയാണ് നാം ജീവന്റെ അപ്പത്തിലൂടെ സ്വീകരിക്കുന്നത്. ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിനെ സ്വീകരിക്കുന്ന നമുക്കു ഇരുട്ടറയിൽ ആയിരിക്കുന്നവരെ പുത്തൻ ഉണർവിലേക്ക് നയിക്കുവാനുള്ള കടമയുണ്ട്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് യേശു; പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:26). നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെ ആവശ്യം, ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്"(ലൂക്ക. 5: 31-32) എന്ന് ക്രിസ്തുനാഥൻ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിതദിനത്തിൽ *'നീ ഒറ്റയ്ക്കല്ല'* എന്ന വിഷയവുമായി തടവറ മക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും *'നീ ഒറ്റയ്ക്കല്ല'* എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്തും, കേരളത്തിൽ ഏകദേശം 8,000 തടവുകാരും ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. നാം നമ്മെപ്പറ്റി അമിത താത്പര്യമുള്ളവരായാൽ മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കുകയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. തടവറയിൽ കഴിയുന്നവർ നമുക്ക് അന്യരും വെറുക്കപ്പെട്ടവരും സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്ന് എന്നന്നേക്കുമായി മാറ്റിനിറുത്തപ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസ്സഭ നമ്മെ ഓർമ്മിപ്പിക്കുന്നു.

''യേശുസാഹോദര്യകൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി ഈ കൂട്ടായ്മയിലെ സഹോദരങ്ങൾ കേരളത്തിലെ തടവറ സഹോദരങ്ങളെ സന്ദർശിക്കുന്നു. നമ്മുടെ രൂപതയിലും ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ എല്ലാ ശനിയാഴ്ചയും വ്യാഴാഴ്ചയും തടവറ സന്ദർശിക്കുന്നു. ബോധവത്കരണ ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാന കുമ്പസാരം എന്നീ കൂദാശകളിലൂടെയും അവരെ ശരിയായ ജീവിതദർശനത്തിലേക്ക് വളർത്തുവാൻ അങ്ങേയറ്റം ശ്രമക്കുന്നു. ജയിലുകൾക്കു സന്ദർശനത്തിനുപുറമെ തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുക, കുടുംബങ്ങൾക്ക് ആശ്വാസമേകുക, അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുക, വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുക എന്നതെല്ലാം ഈ കൂട്ടായ്മ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളാണ്.

കേരളത്തിൽ പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി അഞ്ചെണ്ണം കുട്ടികൾക്കുവേണ്ടിയുമാണ് പ്രവൃത്തിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2500-ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരാനും യേശു സാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്. ഇതിനായി സഹായിക്കുന്ന എല്ലാ മേലുദ്യോഗസ്ഥരെയും നന്ദിയോടെ ഓർക്കുന്നു.

കൊല്ലം രൂപതയിൽ അനേകം സന്ന്യസ്തരും അല്മായരും തടവറ പ്രേഷിത ശുശ്രൂഷയിൽ പങ്കു ചേരുന്നുണ്ട്. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹു മുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും സാമ്പത്തികമായ സഹായങ്ങൾ നൽകി ഈ ശുശ്രൂഷയെ സഹായിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. യേശുസാഹോദര്യ കൂട്ടായ്മ എല്ലാ മാസത്തിന്റെയും ആദ്യ ശനിയാഴ്ച പാസ്റ്ററൽ സെന്റർ ചാപ്പലിൽ പ്രാർത്ഥനയ്ക്കായി കൂടുന്നുണ്ട്. ഈ ശുശ്രൂഷയിലേക്ക് കൂടുതൽ ദൈവജനം കടന്നുവരികയും തടവറയുടെ ഇരുണ്ട അറകൾക്കുള്ളിൽ കഴിയുന്ന മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും വിശുദ്ധ മാക്സ്മില്ല്യൻ മരിയ കോൾബയുടെ തിരുനാളിന്റെയും അനുഗ്രഹങ്ങളും ആശംസകളും നേർന്നുകൊണ്ട്,

പൈതൃകാശിസ്സുകളോടെ,
ഈശോ മറിയത്തിൽ,

**✠ പോൾ ആന്റണി മുല്ലശ്ശേരി**
കൊല്ലം മെത്രാൻ

02-08-2018

---

**N.B.**: *ഈ ഇടയലേഖനം 2018 ആഗസ്റ്റ്12-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*